"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/39/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25/03/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കൗമാരക്കാരായ കുട്ടികളിലെ വിളർച്ച/ അനീമിയയുടെ തോത് കുറയ്ക്കുന്നത് സംബന്ധിച്ച് - തുടർനടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കൗമാരക്കാരായ കുട്ടികളിലെ വിളർച്ച/ അനീമിയയുടെ തോത് കുറയ്ക്കുന്നത് സംബന്ധിച്ച് 23.12.2020 ന് സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

************************

ലോകത്താകമാനം, പ്രത്യേകിച്ച് 10 നും 18 നും ഇടയിലെ കൗമാര പ്രായക്കാരായ കുട്ടികളിൽ കാണുന്ന പോഷകവൈകല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അനീമിയ അഥവാ വിളർച്ച. കൗമാരക്കാരായ പെൺകുട്ടികളിലാണ് ഇത് കൂടുതലായി കാണപ്പെടുന്നത് എന്നത് ഗൗരവമേറിയ വിഷയമാണ്. വിളർച്ചയെക്കുറിച്ചും അതുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും കാര്യമായ അവബോധം കൗമാരക്കാരിൽ ഉണ്ടാക്കി എടുക്കേണ്ടതുണ്ട്. സർക്കാർ ആരോഗ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന അനീമിയ പ്രതിരോധ/ ഡിറ്റക്ഷൻ/ സ്ക്രീനിംഗ് പ്രവർത്തനങ്ങൾക്ക് തുടർച്ചയായി, പ്രാദേശിക സർക്കാർ തലത്തിൽ അനീമിയ പ്രതിരോധത്തിനും മറ്റും തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- നിലവിൽ ലഭ്യമായ പഠനങ്ങളും, ആരോഗ്യ വകുപ്പ് ശേഖരിച്ച വിവരങ്ങളും വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളും വിശകലനം നടത്തി, കൗമാരക്കാരിൽ ഉള്ള നിലവിലെ അനീമിയ തോതും പ്രശ്നങ്ങളും വിലയിരുത്തി ഒരു action plan തയ്യാറാക്കി ക്യാമ്പയിൻ മോഡിൽ ഒരു വർ ഷം നീണ്ടു നിൽക്കുന്ന കാര്യപരിപാടികൾ സംഘടിപ്പിക്കുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പൂർണ്ണ സഹകരണം ഉറപ്പ് വരുത്തണം.
- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതിയിൽ അനീമിയ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ ഊന്നൽ നൽകേണ്ടതാണ്
- Mid Day Meal പരിപാടിയിൽ പോഷക സമ്പുഷ്ടമായ വിഭവങ്ങൾ ചേർക്കുന്നതിനും, ആവശ്യമായ സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്നതിനുമുള്ള ആവശ്യമായ വിഭവ സമാഹരണം നടത്തുന്നതിന് /നീക്കി വെക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊന്നൽ നൽകണം.
- തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയും കൃഷി വകുപ്പിന്റെയും വനം വകുപ്പിന്റെയും സഹകരണത്തോടെ സംസ്ഥാനത്തെ സ്കൂളുകളിലും അങ്കണവാടികളിലും ഫല വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കേണ്ടതാണ്
- ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുന്ന അനീമിയ സ്ക്രീനിംഗ്/ഡിറ്റക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുമ്പോൾ അനീമിയ ക്ലസ്റ്ററുകൾ കണ്ടെത്തുന്നിടത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രത്യേക പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

- ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുന്ന അനീമിയ സ്ക്രീനിംഗ്/ഡിറ്റക്ഷൻ ക്യാമ്പുകളിലെ അടിസ്ഥാന വിവരങ്ങൾ വിശകലനം ചെയ്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പഞ്ചായത്ത് /വാർഡ് തലത്തിൽ മാപ്പ് ചെയ്യുന്നതിനുള്ള നടപടിയിൽ സഹകരിക്കേണ്ടതുണ്ട്
- പഞ്ചായത്ത് തല അനീമിയ വൾനറബിലിറ്റി അസെസ്സ്മെന്റ് നടത്താൻ കഴിയുന്ന കാര്യം പരിശോധിക്കണം.
- അനീമിയ ബോധവത്കരണ പ്രവർത്തനങ്ങൾ വീടുകളിലെത്തിക്കുന്നതിന് സംസ്ഥാനത്തുള്ള കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തണം.
- പുതിയതായി തിരഞ്ഞെടുക്കപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ പരിശീലന പരിപാടിക്ക് കില തയ്യാറാക്കുന്ന പഠന മോഡ്യൂളിൽ വനിതാ ശിശു വികസന വകുപ്പുമായി ആലോചിച്ച് അനീമിയ ഉൾപ്പെടുത്തേണ്ടതാണ്.

**പാറ്റ്സി സ്റ്റിഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ ജനറൽ, കില
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
സാമൂഹ്യ നീതി വകുപ്പ് (B1/357/2020/SJD)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.03.29 11:05:38 IST
Reason: Approved

സെക്ഷൻ ഓഫീസർ.